"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി - വയറിംഗിന്റെ ചെലവ് വാല്യുവേഷനിൽ ഉൾപ്പെടുത്താൻ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1216/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 22/06/2020

പരാമർശം:- 1 സ.ഉ.(കൈ)നം. 22/2018/തസ്വഭവ, തീയതി 14.02.2018

2 സ.ഉ.(സാധാ)നം. 221/2020/തസ്വഭവ, തീയതി 28.01.2020

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.05.2020-ൽ നടന്ന യോഗത്തിന്റെ തീരുമാനം 2.3 (3.5)

**ഉത്തരവ്**

പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികളുടെ പഠനസൗകര്യം ഉറപ്പാക്കുന്നതിനായി 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടിനോടു ചേർന്ന് 100 ചതുരശ്ര അടിയിൽ അധികരിക്കാത്ത പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം നൽകാൻ പരാമർശം (1) ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. ഇപ്രകാരം അനുവദിക്കുന്ന തുക ഗഡുക്കളായി അനുവദിക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകി പരാമർശം (2) പ്രകാരവും ഉത്തരവായിരുന്നു.

2. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചു നൽകുന്നതിന് മൂന്നു ഗഡുക്കളായാണ് തുക നൽകുന്നത്. അവസാന ഗഡു നൽകുന്നത് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിലെ ഒരു എഞ്ചിനീയർ/ഓവർസീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ ചില കേസുകളിൽ പഠനമുറിയിൽ നടത്തിയിരിക്കുന്ന വയറിംഗിന്റെ ചെലവ് വാല്യുവേഷനിൽ ഉൾപ്പെടുത്താറില്ല എന്ന് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഈ ഇനത്തിൽ നൽകേണ്ട ശരാശരി ചെലവ്, ലൈറ്റ്, ഫാൻ, പ്ലഗ് പോയിന്റടക്കം ശരാശരി 9100/-രൂപയാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സർക്കാരിലേക്ക് റിപ്പോർട്ട് നൽകികിയിട്ടുണ്ട്.

3. പരാമർശം (3) യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുമ്പോൾ വൈദ്യുതീകരണത്തിനായി വയറിംഗ് പ്രവൃത്തികൾ ചെയ്തിട്ടുണ്ടെങ്കിൽ പ്രത്യേക വാല്യുവേഷൻ കൂടാതെ പരമാവധി 9100/- രൂപ കൂടി ഉൾപ്പെടുത്തി വാല്യുവേഷൻ തുകയിൽ ചേർക്കാൻ അനുമതി നല്കി ഉത്തരവാകുന്നു. എന്നാൽ ഇതുൾപ്പെടെ പരമാവധി തുക 2.00 ലക്ഷത്തിൽ പരിമിതപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫന്**

**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SURESH KUMAR K
Date: 2020.06.23 15:00:11 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (റൂറൽ) പി.എ.യ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (അർബൻ) പി.എ.യ്ക്ക്